ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

NATIONAL BULLETIN

DATE: 18.12.2025 | പ്രധാന വാർത്തകൾ | TIME : 07.25 AM

1. ത്രിരാഷ്ട്ര പര്യടനത്തിന്റെ അവസാന പാദത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി ഒമാനിലെത്തി. സമഗ്ര സാമ്പത്തിക പങ്കാളിത്ത കരാറിൽ ഇരു രാജ്യങ്ങളും ഒപ്പുവെക്കും.

   Prime Minister Narendra Modi has reached Oman on the last leg of his tri-nation tour. The two countries will sign a Comprehensive Economic Partnership Agreement.

2. ശൈത്യകാല സമ്മേളനം നടക്കുന്ന പാർലമെന്റിൽ റോസ്ഗാർ ആജീവിക മിഷൻ ബില്ലിന്മേലുള്ള ചർച്ചയ്ക്ക് കേന്ദ്രമന്ത്രി ശിവരാജ് സിംഗ് ചൗഹാൻ ഇന്ന് ലോക്സഭയിൽ മറുപടി നൽകും.

   Union Minister Shivraj Singh Chouhan will reply to the discussion on the Rozgar Aajeevika Mission Bill in Lok Sabha today.

3. കേരളത്തിൽ തീവ്ര വോട്ടർ പട്ടികാ പരിഷ്ക്കരണത്തിന്റെ ഭാഗമായി വീടു തോറുമുള്ള വിവര ശേഖരണം ഇന്ന് അവസാനിക്കും.

   House-to-house data collection as part of the SIR in Kerala will end today.

4. വായു മലിനീകരണത്തിന്റെ പശ്ചാത്തലത്തിൽ ഡൽഹിയിൽ ഇന്ന് മുതൽ കർശന നിയന്ത്രണം. മലിനീകരണ നിയന്ത്രണ സർട്ടിഫിക്കറ്റ് ഇല്ലാത്ത വാഹനങ്ങൾക്ക് പെട്രോൾ പമ്പുകളിൽ നിന്ന് ഇന്ധനം നൽകില്ല.

The Delhi government will begin strict enforcement of the 'No PUC, No Fuel' rule from today as part of an intensified multi-pronged drive to curb worsening air pollution in the national capital.

5. സാമുദായിക ഐക്യവും ദേശീയോദ്ഗ്രഥനവും പ്രോത്സാഹിപ്പിക്കുക എന്ന പ്രമേയത്തിലൂന്നി ഇന്ന് ന്യൂനപക്ഷ അവകാശ ദിനം.

Today is Minority Rights Day with the theme of promoting communal harmony and national integration.

6. ഇന്ത്യ- ദക്ഷിണാഫ്രിക്ക ടി20 ക്രിക്കറ്റ് പരമ്പരയിലെ അവസാന മത്സരം നാളെ അഹമ്മദാബാദിൽ.

The last match of the India-South Africa T20 cricket series will be played in Ahmedabad tomorrow.

*************************************

## PM-OMAN (INTRO)

ത്രിരാഷ്ട്ര പര്യടനത്തിന്റെ ഭാഗമായി ജോർദാൻ, എത്യോപ്യ എന്നിവിടങ്ങളിലെ സന്ദർശനങ്ങൾ പൂർത്തിയാക്കിയ പ്രധാനമന്ത്രി നരേന്ദ്രമോദി രണ്ടു ദിവസത്തെ ഒമാൻ സന്ദർശനത്തിനായി ഇന്നലെ വൈകുന്നേരം മസ്കറ്റിലെത്തി.

**വിശദാംശങ്ങളിലേക്ക് ..**

(വോയിസ്)

*മസ്കറ്റ് വിമാനത്താവളത്തിൽ, ഒമാന്റെ പ്രതിരോധകാര്യ ഉപപ്രധാനമന്ത്രി സയ്യിദ് ഷിഹാബ് ബിൻ താരിക് അൽ സെയ്ദ് പ്രധാനമന്ത്രിക്ക് ഊഷ്മള വരവേൽപ്പാണ് നൽകിയത്. വിവിധ മേഖലകളിൽ ഇന്ത്യ-ഒമാൻ സഹകരണം ശക്തിപ്പെടുത്തുന്നതിനെക്കുറിച്ചും നയതന്ത്രപങ്കാളിത്തം മെച്ചപ്പെടുത്തുന്നതിനെക്കുറിച്ചും ഇരുനേതാക്കളും ചർച്ചകൾ നടത്തി. ഇന്ന്, ഇന്ത്യയും ഒമാനും ചരിത്രപരമായ*

*സ്വതന്ത്ര വ്യാപാര കരാറായ സമഗ്ര സാമ്പത്തിക പങ്കാളിത്ത കരാർ ഒപ്പുവെക്കും. ഇന്ത്യയുമായി ദീർഘകാല സൗഹൃദം പുലർത്തുന്ന ചരിത്രപരമായ ബന്ധമുള്ള രാജ്യമാണ് ഒമാനെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി സമൂഹമാധ്യമ പോസ്റ്റിൽ പറഞ്ഞു. ഇരു രാജ്യങ്ങളും തമ്മിലുള്ള സഹകരണത്തിന് സന്ദർശനം പുതിയ ഊർജം പകരുമെന്നും അദ്ദേഹം പറഞ്ഞു. ഒമാൻ സുൽത്താനേറ്റ് രാഷ്ട്രത്തലവൻ സുൽത്താൻ ഹൈതം ബിൻ താരിക്കിന്റെ ക്ഷണപ്രകാരമാണ് പ്രധാനമന്ത്രിയുടെ സന്ദർശനം. മസ്കറ്റിലെ ഹോട്ടലിൽ എത്തിയ പ്രധാനമന്ത്രിക്ക് ഇന്ത്യൻ സമൂഹം ഊഷ്മളമായ സ്വീകരണം നൽകി. രണ്ടു ദിവസത്തെ സന്ദർശനവേളയിൽ ഒമാൻ സുൽത്താനെ സന്ദർശിക്കുന്ന പ്രധാനമന്ത്രിനരേന്ദ്രമോദി ഇരു രാജ്യങ്ങളിലെയും ബിസിനസ്സ് നേതാക്കളെ അഭിസംബോധന ചെയ്യും. വിദ്യാർത്ഥികളുമായും ഇന്ത്യൻ സമൂഹവുമായും സംവദിക്കും.*

***ന്യൂസ് ഡെസ്ക് ആകാശവാണി***

**********************

## OMAN-PIYUSH GOYAL-CEPA (INTRO)

ഇന്ത്യയും ഒമാനും ഇന്ന് സമഗ്ര സാമ്പത്തിക പങ്കാളിത്ത കരാറിൽ ഒപ്പുവെക്കും. ഒമാൻ സുൽത്താന്റെയും പ്രധാനമന്ത്രി മോദിയുടെയും സാന്നിധ്യത്തിൽ കേന്ദ്ര വാണിജ്യ വ്യവസായ മന്ത്രി പിയൂഷ് ഗോയലും ഒമാൻ വാണിജ്യ വ്യവസായ നിക്ഷേപ പ്രോത്സാഹന മന്ത്രി ഖായിസ് അൽ യൂസഫുമാണ് ചരിത്രപരമായ സ്വതന്ത്ര വ്യാപാര കരാറിൽ ഒപ്പുവയ്ക്കുന്നത്. ഇരു രാജ്യങ്ങളുടെയും വികസനത്തിൽ ഒരു പുതിയ അധ്യായമാകും കരാറെന്ന് ഇന്നലെ മസ്കറ്റിൽ ഒമാൻ-ഇന്ത്യ ബിസിനസ് ഡയലോഗിനെ അഭിസംബോധന ചെയ്തുകൊണ്ട് ശ്രീ പിയുഷ് ഗോയൽ പറഞ്ഞു.

(ഹോൾഡ് വോയിസ്)

**********************

## PARLIAMENT

മഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയ്ക്ക് പകരമുള്ള റോസ്ഗാർ ആജീവിക മിഷൻ ബില്ലിന്മേലുള്ള ചർച്ചയ്ക്ക് കേന്ദ്ര കൃഷി മന്ത്രി ശിവരാജ് സിംഗ് ചൗഹാൻ ഇന്ന് ലോക്സഭയിൽ മറുപടി നൽകും. ഗ്രാമീണ മേഖലയിലെ കുടുംബങ്ങൾക്ക് 125 ദിവസത്തെ തൊഴിലുറപ്പാക്കുന്നതാണ് ബിൽ. ഗ്രാമീണ മേഖലയുടെ വികസനത്തിന് പുതിയ ചട്ടക്കൂട് സൃഷ്ടിക്കുന്നതിന് ബിൽ വഴിയൊരുക്കും. അതേസമയം, വിവിധ ഇൻഷുറൻസ് നിയമങ്ങളുടെ ഭേദഗതി വിഭാവനം ചെയ്യുന്ന സബ്ക ബീമാ സബ്കി രക്ഷാ ഇൻഷുറൻസ് ഭേദഗതി ബിൽ പാർലമെന്റ് പാസാക്കി.

**********************

## DELHI POLLUTION

വായു മലിനീകരണത്തിന്റെ പശ്ചാത്തലത്തിൽ ഡൽഹിയിൽ ഇന്ന് മുതൽ നിയന്ത്രണം കർശനമാക്കും. കൃത്യമായ മലിനീകരണ നിയന്ത്രണ സർട്ടിഫിക്കറ്റ് ഇല്ലാത്ത വാഹനങ്ങൾക്ക് ഇന്ന് മുതൽ പെട്രോൾ പമ്പുകളിൽ ഇന്ധനം നൽകില്ലെന്ന് സർക്കാർ വ്യക്തമാക്കി. പെട്രോൾ പമ്പുകളിൽ ഗതാഗത വകുപ്പിന്റെ എൻഫോഴ്സ്മെന്റ് സംഘം പരിശോധന നടത്തും. കൂടാതെ, ഡൽഹിക്ക് പുറത്തുനിന്നുള്ള ബിഎസ് 6 അല്ലാത്ത സ്വകാര്യ വാഹനങ്ങൾക്കും ഇന്ന് മുതൽ ദേശീയ തലസ്ഥാനത്തേക്ക് പ്രവേശനം അനുവദിക്കില്ല. ഇതിനായി 126 ചെക്ക് പോയിന്റുകളിൽ 560 പോലീസ്സുകാരെ വിന്യസിച്ചിട്ടുണ്ട്.

**********************

## SIR

കേരളത്തിൽ എസ്.ഐ.ആറുമായി ബന്ധപ്പെട്ട് ഇന്നലെ വൈകിട്ട് 6 മണിയോടെ ഡിജിറ്റൈസ് ചെയ്ത ഫോമുകളുടെ എണ്ണം രണ്ടു കോടി 78 ലക്ഷത്തി 48,827 ആയി ഉയർന്നതായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ ഡോ. രത്തൻ യു കേൽക്കർ. ഇത് മൊത്തം വിതരണം ചെയ്ത ഫോമുകളുടെ 99.99 % ആണ്. ആലപ്പുഴ, തൃശ്ശൂർ, കണ്ണൂർ ഒഴികെ മറ്റ് എല്ലാ ജില്ലകളും 100% ഡിജിറ്റൈസേഷൻ പൂർത്തീകരിച്ചതായി അദ്ദേഹം അറിയിച്ചു.

**********************

## DIGITIZED FORM - SIR

സംസ്ഥാനത്ത് തീവ്ര വോട്ടർ പട്ടികാ പരിഷ്ക്കരണത്തിന്റെ ഭാഗമായുള്ള വീടു തോറുമുള്ള വിവര ശേഖരണ ഘട്ടം ഇന്ന് അവസാനിക്കും. ഡിസംബർ 23-ന് കരടു വോട്ടർ പട്ടിക പ്രസിദ്ധീകരിക്കും. ഇതിലുള്ള പരാതികൾ ജനുവരി 22 വരെ സമർപ്പിക്കാൻ അവസരം ലഭിക്കും.

**********************

## ELECTION LSGDE

കേരളത്തിൽ തദ്ദേശ സ്ഥാപനങ്ങളിലേക്ക് തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ ഈ മാസം 21-ന് സത്യപ്രതിജ്ഞ ചെയ്തു സ്ഥാനമേൽക്കും. ജില്ലാ പഞ്ചായത്തുകളിലും കോർപറേഷനുകളിലും ജില്ലാ കളക്ടർമാരുടേയും ബ്ലോക്ക് ഗ്രാമ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും വരണാധികാരികളുടേയും മുൻപാകെ അതാതു തദ്ദേശ സ്ഥാപനങ്ങളിലെ മുതിർന്ന അംഗമാണ് ആദ്യം സത്യ പ്രതിജ്ഞ ചെയ്യുന്നത്. അതേസമയം, തദ്ദേശസ്ഥാപനങ്ങളിലെ അധ്യക്ഷ- ഉപാധ്യക്ഷ സ്ഥാനത്തേക്കുള്ള തിരഞ്ഞെടുപ്പ് ഈ മാസം 26, 27 തീയതികളിൽ നടത്തും.

**********************

## JPC MEETING

ഒരു രാഷ്ട്രം ഒരു തിരഞ്ഞെടുപ്പ് നിയമങ്ങൾക്കായുള്ള സംയുക്ത പാർലമെന്ററി കമ്മിറ്റിയുടെ യോഗം ഇന്നലെ ന്യൂഡൽഹിയിൽ ചേർന്നു. ബിജെപി എംപി PP ചൗധരിയുടെ അധ്യക്ഷതയിൽ നടന്ന യോഗത്തിൽ 2024 ലെ ഭരണഘടന ഭേദഗതി ബില്ലും കേന്ദ്രഭരണ പ്രദേശ നിയമങ്ങൾ ഭേദഗതി ബില്ലും കമ്മിറ്റി പരിശോധിച്ചു.

## MINORITIES RIGHTS DAY

ഇന്ന് ന്യൂനപക്ഷ അവകാശ ദിനം. ന്യൂനപക്ഷങ്ങളുടെ അവകാശങ്ങളെക്കുറിച്ച് അവബോധം വളർത്തുന്നതിനും, അവർ നൽകിയ സംഭാവനകളെ അംഗീകരിക്കുന്നതിനും, അവരുടെ സംരക്ഷണത്തിനുമായാണ് ദിനാചരണം ലക്ഷ്യമിടുന്നത്. സാമുദായിക ഐക്യവും ദേശീയോദ്ഗ്രഥനവും പ്രോത്സാഹിപ്പിക്കുക എന്നതാണ് ഈ വർഷത്തെ പ്രമേയം. ദിനാചരണത്തോടനുബന്ധിച്ച് തിരുവനന്തപുരത്ത് സംഘടിപ്പിക്കുന്ന പരിപാടി മന്ത്രി വി.അബ്ദുറഹിമാൻ ഉദ്ഘാടനം ചെയ്യും.

**********************

## SWADESH DARSHAN 2.0

രാജ്യത്ത് സുസ്ഥിരവും ഉത്തരവാദിത്തമുള്ളതുമായ വിനോദസഞ്ചാര കേന്ദ്രങ്ങൾ വികസിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച 'സ്വദേശ് ദർശൻ 2.0' പദ്ധതിയിലൂടെ കേരളത്തിന് ഇതുവരെ അനുവദിച്ചത് 182.86 കോടി രൂപയെന്ന് കേന്ദ്ര ടൂറിസം മന്ത്രി ഗജേന്ദ്ര സിങ് ഷെഖാവത് പറഞ്ഞു. കുമരകം, ആലപ്പുഴ, മലമ്പുഴ എന്നിവിടങ്ങൾ കേന്ദ്രീകരിച്ചുള്ള ടൂറിസം പദ്ധതികൾക്കാണ് തുക അനുവദിച്ചത്.

**********************

## JADHAV - WHO GLOBAL SUMMIT (INTRO)

ലോകാരോഗ്യ സംഘടനയുടെ രണ്ടാമത്തെ പരമ്പരാഗത വൈദ്യശാസ്ത്ര ആഗോള ഉച്ചകോടിക്ക് ഇന്നലെ ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ തുടക്കമായി. ആഗോള തലത്തിൽ പരമ്പരാഗത വൈദ്യശാസ്ത്രം മുന്നോട്ട് കൊണ്ടുപോകുന്നതിൽ സുപ്രധാന നാഴികക്കല്ലാണ് 2016 ൽ ആരംഭിച്ച ഈ സംരംഭമെന്ന് ഉച്ചകോടിയെ അഭിസംബോധന ചെയ്തുകൊണ്ട് ആയുഷ് മന്ത്രി പ്രതാപ് റാവു ജാദവ് പറഞ്ഞു. പരമ്പരാഗത വൈദ്യശാസ്ത്രത്തിൽ ഇന്ത്യയുടെ ദീർഘകാല പരിചയവും ഗവേഷണം, ഗുണനിലവാര മാനദണ്ഡങ്ങൾ, ആഗോള സഹകരണം എന്നിവ ശക്തിപ്പെടുത്തേണ്ടതിന്റെ പ്രാധാന്യവും അദ്ദേഹം എടുത്തു പറഞ്ഞു.

(ഹോൾഡ് വോയിസ്)

**********************

## STATE CABINET

പട്ടികവർഗ വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന 18 മോഡൽ പ്രീ സ്കൂളുകളിലെ ജീവനക്കാരുടെ ഓണറേറിയം വർദ്ധിപ്പിച്ച് സംസ്ഥാന മന്ത്രിസഭായോഗം. ഏഴ് സമുദായങ്ങളെ ഒ.ബി.സി പട്ടികയിൽ ഉൾപ്പെടുത്താനും മന്ത്രിസഭായോഗത്തിൽ തീരുമാനമായി.

**********************

## IFFK

30-ാമത് കേരള അന്താരാഷ്ട്ര ചലച്ചിത്രമേളയുടെ ഏഴാം ദിവസമായ ഇന്ന് വെള്ളിത്തിരയിലെത്തുന്നത് പ്രേക്ഷകപ്രീതി നേടിയ 72 ചിത്രങ്ങൾ. അന്താരാഷ്ട്ര വിഭാഗത്തിൽ 2025 കാൻ

അന്താരാഷ്ട്ര ചലച്ചിത്ര മേളയിൽ പാം ദ് ഓർ പുരസ്കാരം നേടിയ ഇറ്റ് വാസ് ജസ്റ്റ് ആൻ ആക്സിഡന്റ് ഉൾപ്പടെ പ്രദർശിപ്പിക്കും. മലയാളം സിനിമ ടുഡേയിൽ ശേഷിപ്പ്, അന്യരുടെ ആകാശങ്ങൾ, സമസ്ഥ ലോക തുടങ്ങിയ സിനിമകളും പ്രദർശിപ്പിക്കും. മേള വെള്ളിയാഴ്ച അവസാനിക്കും.

**********************

## MENS CRICKET

ഇന്ത്യ- ദക്ഷിണാഫ്രിക്ക നാലാം ട്വന്റി- 20 മത്സരം ഉപേക്ഷിച്ചു. ഇന്നലെ രാത്രി ലഖ്നൗവിലെ ഏകാന സ്റ്റേഡിയത്തിൽ നടക്കേണ്ട മത്സരം കനത്ത മൂടൽമഞ്ഞിനെ തുടർന്നാണ് ഉപേക്ഷിച്ചത്. പരമ്പരയിൽ ഇന്ത്യ 2-1 ന് മുന്നിലാണ്. അഞ്ചാമത്തെയും അവസാനത്തെയും മത്സരം നാളെ അഹമ്മദാബാദിലെ നരേന്ദ്ര മോദി സ്റ്റേഡിയത്തിൽ നടക്കും.

**********************

## BADMINTON

ചൈനയിലെ ഹാങ്ഷുവിൽ നടക്കുന്ന 2025 ലെ BWF വേൾഡ് ടൂർ ബാഡ്മിന്റൺ ചാമ്പ്യൻഷിപ്പിൽ ഇന്ത്യയുടെ പുരുഷ ഡബിൾസ് ജോഡികളായ സാത്വിക്സായിരാജ് റാങ്കിറെഡ്ഡിയും ചിരാഗ് ഷെട്ടിയും ഇന്ന് ഇന്തോനേഷ്യൻ ജോഡിയുമായി ഏറ്റുമുട്ടും. രാജ്യത്തെ പ്രതിനിധീകരിച്ച് സാത്വിക്-ചിരാഗ് ഷെട്ടി സഖ്യം മാത്രമാണ് മത്സരത്തിൽ പങ്കെടുക്കുന്നത്.

*

*********

**********************************